**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പാറശ്ശാല നിയോജക മണ്ഡലം എൽ.എ.സി - എ.ഡി.എസ്-പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം - നിർമ്മാണച്ചുമതല M/s സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കാനുള്ള അനുമതി റദ്ദ് ചെയ്തുകൊണ്ടും പ്രസ്തുത പ്രവൃത്തി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നേരിട്ട് നടത്തുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു

==================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ).1903/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 11-07-2018

==================================================================

പരാമർശം :-
1. 03-06-2014-ലെ 54/2014/ധന നമ്പർ സർക്കുലർ
2. ജി.ഒ.(സാധാ) നം. 3676/15/ത.സ്വ.ഭ.വ തീയതി 09-12-2015
3. ജി.ഒ.(സാധാ) നം. 2058/16/ത.സ്വ.ഭ.വ തീയതി 02-07-2016
4. 25-07-2017-ലെ ജി.ഒ.(പി) നം. 95/2017 ധന നമ്പർ സർക്കാർ ഉത്തരവ്
5. ബഹു. പാറശ്ശാല നിയോജക മണ്ഡലം എം.എൽ.എ ശ്രീ. സി.കെ. ഹരീന്ദ്രന്റെ 11-06-2018-ലെ CKH/149/Rev/2018 നമ്പർ കത്ത്.

## ഉത്തരവ്

പാറശ്ശാല നിയോജക മണ്ഡലം മുൻ എം.എൽ.എ ആയിരുന്ന ശ്രീ. എ.ടി. ജോർജ്ജിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 115 ലക്ഷം രൂപ ചെലവഴിച്ച് പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ നിർവ്വഹണം M/S. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കാൻ പരാമർശം (3) പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയ സാഹചര്യത്തിൽ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നതിനാൽ സമയബന്ധിതമായി പണി പൂർത്തിയാക്കാത്ത SILK-നെ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയിൽനിന്നും നീക്കംചെയ്ത് തദ്ദേശ സ്വയംഭരണ വകുപ്പ് നേരിട്ട് പ്രവൃത്തി നടപ്പാക്കണമെന്ന് ബഹു.പാറശ്ശാല നിയോജക മണ്ഡലം എം.എൽ.എ ശ്രീ. സി.കെ ഹരീന്ദ്രൻ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ള പ്രവൃത്തികളുടെയും ഉത്തരവാദിത്തങ്ങളുടെയും (functions & responsibilities) പരിധിയിൽ വരുന്ന പദ്ധതികളുടെ നിർവ്വഹണം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിംഗ് മുഖേന നടപ്പാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പദ്ധതി നിർവ്വഹണം നടത്തു ന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (4)-ലെ സർക്കാർ ഉത്തരവിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും "fair and competitive bidding process"-ലൂടെ വേണം നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ അക്രഡിറ്റഡ് ഏജൻസികളുടെ പട്ടികയിൽ M/s സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) എന്ന സ്ഥാപനത്തെ **Steel Structurs, Electro-Mechanical Works as PMC** എന്ന വിഭാഗത്തിലാണ് അക്രഡിറ്റഡ് ചെയ്തിട്ടുള്ളത്.

3. മേൽ സാഹചര്യത്തിൽ പാറശ്ശാല നിയോജകമണ്ഡലം മുൻ എം.എൽ.എ. ആയിരുന്ന ശ്രീ.എ.ടി.ജോർജ്ജിൻറെ ആസ്തിവികസന ഫണ്ടിൽ നിന്നും 115 ലക്ഷം രൂപ ചെലവഴിച്ച് പാറശ്ശാല ബ്ലോക്ക്

പഞ്ചായത്തിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി M/s.സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കാൻ അനുമതി നൽകിയ പരാമർശം (3) സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും പ്രസ്തുത പ്രവൃത്തി തദ്ദേശ സ്വയംഭരണവകുപ്പിൻറെ എൻജിനിയറിംഗ് വിഭാഗം മുഖേന നേരിട്ട് നടത്തുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**മിനിമോൾ എബ്രഹാം**
അഡീഷണൽ സെക്രട്ടറി

ശ്രീ.സി.കെ.ഹരീന്ദ്രൻ എം.എൽ.എ.(ആമുഖ കത്ത് സഹിതം)
ചീഫ് എൻജിനിയർ (തദ്ദേശ സ്വയംഭരണം) ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്(SILK), അത്താണി, തൃശ്ശൂർ
സെക്രട്ടറി, പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ